Manorama 04.11.17

# കർഷക ശാസ്ത്രജ്ഞ സംവാദം നടത്തി

വടക്കാഞ്ചേരി ● ആത്മപദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ നടത്തിയ കർഷക ശാസ്ത്രജ്ഞ സംവാദവും കാർഷിക പരിശീലനവും നഗരസഭ അധ്യക്ഷ ശിവപ്രിയ സന്തോഷ് ഉദ്ഘാടനം ചെയ്തു. നഗരസഭ കൗൺസിലർ പി.ഉണ്ണിക്കൃഷ്ണൻ അധ്യക്ഷനായിരുന്നു. കേരള കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രഫസർമാരായ ബെറിൻ പത്രോസ്, ഡോ. കെ.ബി.ദീപ്തി, ഡോ. രശ്മി വിജയരാഘവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ എൻ.കൈരളി, കെ.കെ.വിജയൻ, കൃഷി ഓഫിസർമാരായ എൽ.ശ്രീരേഖ, എൻ.വി.സുനിൽകുമാർ എന്നിവർ പ്രസംഗിച്ചു. കൃഷി അസിസ്റ്റന്റുമാർ, ആത്മ പ്രതിനിധികൾ, കൗൺസിലർമാർ, പാടശേഖര സമിതി പ്രതിനിധികൾ, എഡിസി അംഗങ്ങൾ, കർഷകർ എന്നിവർ സംവാദത്തിലും പരിശീലന പരിപാടിയിലും പങ്കെടുത്തു.